# അമൃത എൻ 96 നാനോ മാസ്ക്കുകൾ




കൊച്ചി: അമൃത വിശ്വ വിദ്യാപീഠം സർവ്വകലാശാലയിലെ സെന്റർ ഫോർ നാനോ സയൻസ് ആൻഡ് മോളിക്യുലാർ മെഡിസിൻ ശാസ്ത്രജ്ഞർ സവിശേഷമായ ത്രീ പ്ലൈ എൻ 96 നാനോ മാസ്ക്കുകൾ പുറത്തിറക്കി. കട്ടിംഗ് എഡ്ജ് നാനോ ടെക്നോളജിയ അടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്തിരിക്കുന്ന ഈ മസ്ക് പരമ്പരാഗത എൻ 95 , സർജിക്കൽ മാസ്കുകളെക്കാൾ കുറഞ്ഞ ചെലവും മികച്ച ശുദ്ധീകരണവും ശ്വസനക്ഷമതയും വാഗ്ദാനം ചെയ്യുന്നു . 200 രൂപയിൽ താഴെ മാത്രം വിലയുള്ള അമൃത എൻ 96 നാനോ മാസ്ക് 30 തവണ വരെ കഴുകി പുനരുപയോഗിക്കാം . കൂടാതെ ചർമ്മത്തിന് പ്രശ്നങ്ങളോ ദുർഗന്ധമോ ഇല്ലാതെ സുഖപ്രദമായി ദീർഘനേരം ഉപയോഗിക്കാം.കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയത്തിന്റെ ലബോറട്ടറിയുടെയും സൗത്ത് ഇന്ത്യ ടെക്സ്റ്റയിൽ റിസർച്ച് അസോസിയേഷന്റെയും അംഗീകാരം അമൃത എൻ 96 നാനോ മാസ്ക്കുകൾക്ക് ലഭിച്ചിട്ടുണ്ട്.

Kerala Pranamam - Kerala
March 30, 2021